**പതിമൂന്നാം കേരള നിയമസഭ**
**ആറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2967** **20.12.2012-ലെ മറുപടിക്ക്**

**മിച്ചഭൂമിയുടെ വിനിയോഗം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം.ഉമ്മർ<br>ശ്രീ.കെ.എൻ.എ.ഖാദർ<br>ശ്രീ.പി.കെ.ബഷീർ | ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | മിച്ചഭൂമിയായി സർക്കാരിൽ നിക്ഷിപ്തമായതും, ഏറ്റെടുത്തതുമായ ഭൂമിയുടെ വിനിയോഗത്തിന് നിശ്ചയിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ വിശദമാക്കുമോ; | (എ) | കേരള ഭൂപരിഷ്കരണ നിയമം-1963 സെക്ഷൻ 86, 87 എന്നിവ പ്രകാരം സർക്കാരിൽ നിക്ഷിപ്തമാകുന്നതും ഏറ്റെടുത്തതുമായ മിച്ചഭൂമി ടി നിയമത്തിലെ സെക്ഷൻ 96 ഉം അനുബന്ധ ചട്ടങ്ങളും പ്രകാരം അർഹരായവർക്ക് പതിച്ച് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നു.<br>സർക്കാർ ഏറ്റെടുക്കുന്ന മിച്ചഭൂമിയിൽ ടി നിയമത്തിലെ സെക്ഷൻ 96(1)(i) വകുപ്പും അനുബന്ധ ചട്ടങ്ങളും പ്രകാരം; മിച്ചഭൂമിയിൽ കുടി കിടപ്പുകാർ ഉണ്ടെങ്കിൽ, അർഹതയുടെ അടിസ്ഥാനത്തിൽ അവർക്ക് മിച്ചഭൂമി പതിച്ച് നൽകുന്നതിന് നിർദ്ദേശിക്കുന്നു.<br>ടി നിയമത്തിലെ 96(1)(ii) വകുപ്പ് പ്രകാരം പതിച്ച് കൊടുക്കുവാനായി അവശേഷിക്കുന്ന മിച്ചഭൂമിയുടെ 87 ½ % ഭൂരഹിതരായ കർഷകതൊഴിലാളികൾക്ക് പതിച്ച് കൊടുക്കുന്നതിന് നിർദ്ദേശിക്കുന്നു. (ഇതിൽ 50% ഭൂരഹിതരായ പട്ടികജാതി/പട്ടികവർഗ്ഗ/മറ്റ് സാമ്പത്തികമായും സാമൂഹ്യമായും പിന്നാക്കം നിൽക്കുന്നവരുമായ ഭൂരഹിതർക്ക് പതിച്ച് കൊടുക്കുന്നതിന് നിർദ്ദേശിക്കുന്നു)<br>ശേഷിക്കുന്ന 12 ½ % ചെറുകിട കൈവശക്കാർക്കും യാതൊരു ഭൂമിയും വീണ്ടെടുക്കുവാൻ കഴിയാത്ത മറ്റു ഭൂഉടമകൾക്കും പതിച്ചുകൊടുക്കുവാൻ വ്യവസ്ഥ ചെയ്യുന്നു. ഇപ്രകാരം പതിച്ച് കൊടുക്കുന്ന ഭൂമി ഒരേക്കറിൽ |

| | | | |
|---|---|---|---|
| | | | കവിയരുതെന്നും വ്യവസ്ഥയുണ്ട്. ഭൂമി വിതരണം ചെയ്യുന്നതിനെപ്പറ്റി ഇപ്രകാരം വ്യവസ്ഥകളുണ്ടെങ്കിലും ഏതെങ്കിലും പൊതു ആവശ്യത്തിന് ഭൂമി നീക്കിവയ്ക്കേണ്ടതുണ്ടെന്ന് കരുതുന്ന സംഗതികളിൽ, ഭൂമി പൊതു ആവശ്യത്തിന് നീക്കിവെച്ച് ലാൻഡ് ബോർഡിന് ഉത്തരവാകാവുന്നതാണ്. ഇപ്രകാരം പൊതു ആവശ്യത്തിന് നീക്കിവയ്ക്കുന്ന ഭൂമി പതിച്ചു കൊടുക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുള്ളതുമാണ്. |
| (ബി) | പൊതു ആവശ്യങ്ങൾക്ക് മാറ്റിവച്ചിട്ടുള്ള ഭൂമിയുടെ അളവും, ഇനവും, അതിരും തിരിച്ചുള്ള വിവരം ശേഖരിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ സംരക്ഷണ ചുമതല ആർക്കാണെന്ന വ്യക്തമാക്കുമോ; | (ബി) | വിവിധ ജില്ലാകളക്ടർമാരുടെ റിപ്പോർട്ടുകൾ പ്രകാരം; 30.09.2012 വരെ വിവിധ ജില്ലകളിലായി, സംസ്ഥാനത്തൊട്ടാകെ 5086.08 ഹെക്ടർ മിച്ചഭൂമി പൊതു ആവശ്യങ്ങൾക്കായി മാറ്റിവച്ചിട്ടുണ്ട്. ആയതിന്റെ ഇനവും അതിരും തിരിച്ചുള്ള വിവരം ലഭ്യമല്ല. ഇതിന്റെ സംരക്ഷണ ചുമതല ബന്ധപ്പെട്ട താലൂക്ക് തഹസിൽദാർമാർക്കാണ്. |
| (സി) | കർഷകത്തൊഴിലാളികൾക്ക് പതിച്ച നൽകിയതും ഇനി പതിച്ചുനൽകാൻ ലഭ്യമായതുമായ മിച്ചഭൂമിയുടെ വിശദവിവരങ്ങളും റിക്കാർഡുകളും എവിടെ ലഭ്യമാണെന്ന് വിശദമാക്കുമോ? | (സി) | ഇവ ബന്ധപ്പെട്ട ജില്ലാകളക്ടറേറ്റുകളിൽ ലഭ്യമാണ്. |

സെക്ഷൻ ഓഫീസർ